# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2351

13.02.2013 ൽ മറുപടിയ്ക്ക്

### 97-ാം ഭരണഘടനാഭേദഗതി സഹകരണനിയമത്തിൽ വരുത്തുന്ന മാറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.സി.പി. മുഹമ്മദ്<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) ഭരണഘടനയുടെ 97-ാം ഭേദഗതി അനുസരിച്ച് എന്തെങ്കിലും മാറ്റങ്ങൾ സഹകരണനിയമത്തിൽ വരുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഭരണഘടനാ (97-ാം ഭേദഗതി) നിയമം, 2011 ലെ വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാന സഹകരണ നിയമത്തിൽ 2013 ഫെബ്രുവരി 15 ന് മുൻപ് ഭേദഗതി വരുത്തേണ്ടതുണ്ട്. ഇതനുസരിച്ച് 1969 ലെ കേരള സഹകരണ സംഘങ്ങൾ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത്; | (ബി) സംഘങ്ങളുടെ പ്രവർത്തനത്തിലും ഘടനയിലും താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഭരണഘടനാ ഭേദഗതി നിയമത്തിൽ, സഹകരണ സംഘം ഭരണസമിതി അംഗങ്ങളുടെ എണ്ണം പരമാവധി 21 ആയും പ്രത്യേക സംവരണം ചെയ്തിട്ടുള്ള വനിതാ അംഗങ്ങളുടെ എണ്ണം 3 ൽ നിന്നും 2 ആയും ഭരണ സമിതിയുടെ കാലാവധി തെരഞ്ഞെടുപ്പ് തീയതി മുതൽ 5 വർഷമായും ഇടക്കാല ഒഴിവ് നോമിനേഷൻ വഴി നികത്തുന്നതിനും, ബാങ്കിംഗ്, മാനേജ്മെന്റ്, ഫിനാൻസ് അല്ലെങ്കിൽ സംഘത്തിന്റെ ഉദ്ദേശ്യങ്ങളും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മേഖലയിൽ പരിചയം ഉള്ള 2 പേരെ കോ-ഓപ്റ്റ് ചെയ്യുന്നതിനും, സംഘം ഭരണ സമിതിയുടെ |

| | | |
|---|---|---|
| | | സൂപ്പർസെഷൻ 6 മാസത്തിലധികരിക്കരുതെന്നും, ബാങ്കിംഗ് ബിസിനസ് ചെയ്യുന്ന സംഘങ്ങൾക്ക് ആയത് ഒരു വർഷത്തിലധികരിക്കരുതെന്നും, സർക്കാർ സഹായം ലഭിച്ചിട്ടില്ലാത്ത സഹകരണ സംഘങ്ങളുടെ ഭരണസമിതികളെ സൂപ്പർസീഡ് (പിരിച്ചുവിടാൻ) ചെയ്യാൻ പാടില്ലെന്നും, വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ സംഘത്തിന്റെ ആഡിറ്ററുടെയും ആഡിറ്റിംഗ് ഫേമുകളുടെയും യോഗ്യതയും പരിചയവും സംസ്ഥാന നിയമത്തിൽ ഉൾപ്പെടുത്തുന്നതിനും, ആഡിറ്ററെ രജിസ്ട്രാർ അംഗീകരിച്ച പാനലിൽ നിന്നും നിയമിക്കണമെന്നും, സാമ്പത്തിക വർഷം അവസാനിച്ച 6 മാസത്തിനകം സംഘം ആഡിറ്റ് ചെയ്തിരിക്കണമെന്നും, അപ്പക്സ് സ്ഥാപനങ്ങളുടെ ആഡിറ്റ് സർട്ടിഫിക്കറ്റ് സംസ്ഥാന നിയമസഭ മുമ്പാകെ സമർപ്പിക്കണമെന്നും, സാമ്പത്തിക വർഷം അവസാനിച്ച് കഴിഞ്ഞ് 6 മാസത്തിനകം പൊതുയോഗം കൂടുന്നതിനും, എല്ലാ സഹകരണ സംഘങ്ങളുടെയും തെരഞ്ഞെടുപ്പ് ഒരു പ്രത്യേക അധികാര സ്ഥാപനം നടത്തണമെന്നും, സംഘം മാനേജ്മെന്റ്/പ്രവർത്തനം എന്നിവയിൽ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംഘത്തിന്റെ രേഖകൾ, ബുക്കുകൾ എന്നിവ അധികാരപ്പെട്ട ആളിന് കൈമാറുന്നതിലെ വീഴ്ചയും, ഭരണസമിതി അംഗങ്ങളോ, ഓഫീസ് ചുമതലക്കാരോ തെരഞ്ഞെടുപ്പിന് മുൻപോ തെരഞ്ഞെടുപ്പ് സമയത്തോ, ശേഷമോ അഴിമതി നടത്തുന്നത് കുറ്റങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥയും ടി ഭരണഘടനാ ഭേദഗതി നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>മേൽ പരാമർശിച്ച വ്യവസ്ഥകളും അതോടൊപ്പം സംസ്ഥാനത്തെ സഹകരണ മേഖലയുടെ വളർച്ചക്കനുസൃതമായ ഭേദഗതികളും സംസ്ഥാന നിയമങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (സി) ഭരണഘടനാ (97-)ം ഭേദഗതി) നിയമം, 2011 ലെ വ്യവസ്ഥകൾ സംസ്ഥാനത്തെ സഹകരണ |

മേഖലയുടെ പ്രത്യേകതകളും പ്രാധാന്യവും കണക്കിലെടുത്ത് മേഖലയുടെ പുരോഗതിയ്ക്ക് ഉതകുന്ന രീതിയിൽ നടപ്പിലാക്കുക എന്നതാണ് നിയമ ഭേദഗതി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

ഭരണഘടനാ (97-)ാം ഭേദഗതി) നിയമം, 2011 പ്രകാരം സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നത് ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 19 പ്രകാരമുള്ള മൗലികാവകാശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സഹകരണ മേഖയലയ്ക്ക് ഭരണഘടനാ പരിരക്ഷ ലഭിക്കുകയും രാജ്യത്തെ സഹകരണ സംഘങ്ങൾ ജനാധിപത്യപരമായും, പ്രൊഫഷണലായും, സ്വതന്ത്രമായും, കാര്യക്ഷമമായും പ്രവർത്തിക്കുന്നു എന്നുറപ്പാക്കുക എന്നതാണ് ടി ഭരണഘടനാ ഭേദഗതി നിയമം കൊണ്ടുദ്ദേശിച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| (ഡി) | ഇത് സംബന്ധിച്ച നിയമ നിർമ്മാണം ഏത് ഘട്ടത്തിലാണ്; | (ഡി) യും (ഇ) യും | ഇത് സംബന്ധിച്ച് സഹകരണ നിയമത്തിൽ ഭേദഗതികൾ വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | | |

സെക്ഷൻ ഓഫീസർ